# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത　　　　　　　　　　　　　　19-06-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 3263

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്.ശർമ്മ :<br>ശ്രീ. എ. എൻ. ഷംസീർ :<br>ശ്രീ. എം. നൗഷാദ് :<br>ശ്രീ. വി. ജോയി : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി ഏതെല്ലാം ചെറുകിട തുറമുഖങ്ങളെയാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇവയുടെ വികസനപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ; | (ബി) | കൊല്ലം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളാണ് ഈ പദ്ധതിക്കുവേണ്ടി വികസിപ്പിക്കുന്നത്. സംസ്ഥാനത്ത് തീരദേശകപ്പൽ ഗതാഗത പദ്ധതി പ്രകാരം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ , വെയിംഗ് മെഷീൻ , ട്രക്ക് മൗണ്ടഡ് ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 20 കോടി രൂപ മുതൽ മുടക്കിൽ കൊല്ലം തുറമുഖത്ത് 100 മീറ്റർ വാർഫിന്റെ പണി പൂർത്തിയായി വരുന്നു. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വാർഫിന്റെ ബാക്കിഭാഗം നിർമ്മിക്കുന്നതിന് സാങ്കേതിക പഠനത്തിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 200 മീറ്റർ വാർഫിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ |

ഭാഗമായി ചെറുകിട തുറമുഖങ്ങളുടെ ആഴം വർധിപ്പിക്കുന്നതിന് സാമ്പത്തിക / സാങ്കേതിക സാദ്ധ്യതാപഠനം നടത്തുന്നതിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ , ബേപ്പൂർ , കൊല്ലം , വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 46 കോടി മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അഴീക്കൽ തുറമുഖവികസനത്തിനായി 496 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കുകയും Detailed Project Report തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം , അഴീക്കൽ , പൊന്നാനി എന്നീ തുറമുഖങ്ങളിലേക്ക് റയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് Indian Port Rail Corporation Ltd നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ , അഴീക്കൽ എന്നീ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാലയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | ഇതിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഏതെങ്കിലും പ്രവൃത്തി നടപ്പാക്കി വരുന്നുണ്ടോ; | (സി) | പൊന്നാനി തുറമുഖം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് വികസിപ്പിക്കുന്നത് |
| (ഡി) | ഇതിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നത്; | (ഡി) | അഴീക്കൽ തുറമുഖ വികസനം കിഫ്ബിയിൽ ഉൾപ്പെട്ടുത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | തീരദേശ കപ്പൽ ഗതാഗത പദ്ധതി പൂർണ്ണമാകുന്നതോടെ നിലവിൽ റോഡ്-റെയിൽ മാർഗ്ഗങ്ങളിലൂടെയുള്ള ചരക്കുനീക്കത്തിന്റെ എത്ര ശതമാനം ചെറുകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഇ) | നിലവിൽ റോഡ് / റയിൽ മാർഗ്ഗം നീക്കം ചെയ്യുന്ന ചരക്കിന്റെ 40% 2020 ഓടെയും 50% 2030 - ഓടെയും തീരദേശ കപ്പൽ ഗതാഗത പദ്ധതി വഴി കൈകാര്യം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**